**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2234** **30-09-2025 - ൽ മറുപടിയ്ക്ക്**

**കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ഗവ. താലൂക്ക് ആശുപത്രിയിൽ ദിനംപ്രതി ചികിത്സ തേടിയെത്തുന്ന സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങൾക്ക് ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും കുറവ് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ച് നിയമനങ്ങൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സ.ഉ (കൈ) നം. 101/2017/H&FWD തീയതി 28.06.2017- പ്രകാരം 03 സ്റ്റാഫ് നഴ് തസ്തികയും 01 ലാബ് ടെക്നീഷ്യൻ തസ്തികയു 23.09.2017 ലെ സ.ഉ.(കൈ) 136/2017/H&FWD പ്രകാരം ജൂനിയർ കൺസൾട്ടൻറ് (ഒ ബി ജി)- 1, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - 1 ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 - 1, എന്നി തസ്തികകളും 22.09.2021 ലെ സ.ഉ.(സാധാ) നം. 168/2021/H&FWD പ്രകാരം സ്റ്റാഫ് നഴ് ഗ്രേഡ് II - 2 എന്നീ തസ്തികകളു സൃഷ്ടിച്ചിരുന്നു. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അനിവാര്യമായ തസ്തികകൾ ഗ്യാപ് അനാലിസിസ് നടത്ത ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് അടിയന്തര സാഹചര്യത്തിൽ നാഷണൽ ഹെൽത്ത് മിഷൻ, KASP, HMC മുഖേന ജീവനക്കാരെ നിയമിച്ച് രോഗികൾക്ക നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നുണ്ട് ഐ.സി.യു നടത്തിപ്പിനായി നാല് സ്റ്റാഫ് നഴ് ജീവനക്കാർ, ഒഫ്ത്താൽമിക് ഒ.പ നടത്തിപ്പിനായി ഒരു സ്റ്റാഫ് നഴ് ജീവനക്കാരൻ, ആശുപത്രിയുടെ പ്രതിദിന പ്രവർത്തനങ്ങൾക്കായി ഒരു ഫാർമസിസ്റ്റ് ഒരു ലാബ് ടെക്സീഷ്യൻ എന്നിവരെ എൻ.എച്ച്.എം അനുവദിച്ചിട്ടുണ്ട്. HMC KASP എന്നീ ഫണ്ടുകളുടെ ലഭ്യത അനുസരിച്ച് ജീവനക്കാരെ നിയമിച്ച രോഗികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ആശുപത്രിയിൽ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പശ്ചാത്തല സൗകര്യ വികസനത്തോടൊപ്പം താലൂക്ക് ആശുപത്രി നിലവാരത്തിൽ ആവശ്യമായ ഡോക്ടർ, നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ് ഉടങ്ങിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ടുത്തി സ.ഉ.(കൈ) നം. 101/2017/H&FWD തീയതി 28.06.2017- പ്രകാരം 03 സ്റ്റാഫ് നഴ്സ് തസ്തികയും 01 ലാബ് ടെക്നീഷ്യൻ തസ്തികയും 23.09.2017 ലെ സ.ഉ.(കൈ) 136/2017/H&FWD പ്രകാരം ജൂനിയർ കൺസൽട്ടൻറ് (ഒ ബി ജി)- 1, ജൂനിയർ കൺസൽട്ടന്റ് (ജനറൽ മെഡിസിൻ) - 1, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 - 1, എന്നീ തസ്തികകളും 22.09.2021 ലെ സ.ഉ.(സാധാ) നം. 168/2021/H&FWD പ്രകാരം സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 2 എന്നീ തസ്തികകളും സൃഷ്ടിച്ചിരുന്നു. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അനിവാര്യമായ തസ്തികകൾ ഗ്യാപ് അനാലിസിസ് നടത്തി ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. അടിയന്തിര സാഹചര്യത്തിൽ നാഷണൽ ഹെൽത്ത് മിഷൻ, KASP, HMC മുഖേന ജീവനക്കാരെ നിയമിച്ച് രോഗികൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നുണ്ട്. ഐ.സി.യു നടത്തിപ്പിനായി നാല് സ്റ്റാഫ് നഴ്സ് ജീവനക്കാർ, ഒഫ്ത്താൽമിക് ഒ.പി നടത്തിപ്പിനായി ഒരു സ്റ്റാഫ് നഴ്സ് ജീവനക്കാരൻ, ആശുപത്രിയുടെ പ്രതിദിന പ്രവർത്തനങ്ങൾക്കായി ഒരു ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരെ എൻ.എച്ച്.എം അനുവദിച്ചിട്ടുണ്ട്. HMC, KASP എന്നീ ഫണ്ടുകളുടെ ലഭ്യത അനുസരിച്ച് ജീവനക്കാരെ നിയമിച്ചും രോഗികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ കണ്ണാശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനായി എൻ.എച്ച്.എം. മുഖേന ഒരു സ്റ്റാഫ് നഴ്സിനെ അനുവദിച്ചിട്ടുണ്ട്. അനസ്തറ്റിസ്റ്റിനെ നിയമിക്കുന്നതിനുളള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പുതിയതായി ആരംഭിച്ച കുറ്റിപ്പുറം ഗവൺമെന്റ് കണ്ണാശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനായി ഒരു ഒപ്റ്റോമെടിസ്റ്റ്, 4 സ്റ്റാഫ് നഴ്സുമാർ, 2 നഴ്സിംഗ് അസിസ്റ്റന്റുമാർ, 2 അറ്റൻഡന്റുമാർ എന്നീ തസ്തികകൾ അനുവദിക്കുന്നതിനായി ലഭിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഒഫ്ത്താൽമിക് ഓപ്പറേഷൻ തീയറ്റർ അണുവിമുക്തമാക്കി ഇൻഫക്ഷൻ കൺട്രോളിൽ നിന്നും മൈക്രോബയോളജി ടെസ്റ്റ് റിസൾട്ട് ലഭ്യമാക്കിയാൽ മാത്രമേ ഓപ്പറേഷൻ തിയേറ്റർ പ്രവർത്തിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഒപ്റ്റോമെടിസ്റ്റ്, സ്റ്റാഫ് നഴ്സ്, നഴ്സിംഗ് അസിസ്റ്റൻറ് എന്നിവരെ വർക്കിംഗ് അറേഞ്ച്മെന്റ്/എൻ.എച്ച്.എം മുഖേന നൽകുന്നതിനുളള നടപടി സ്വീകരിച്ചു വരുന്നു. കണ്ണാശുപത്രിയുടെ സുഗമമായി പ്രവർത്തനത്തിനായി എൻ.എച്ച്.എം.മുഖേന ഒരു സ്റ്റാഫ് നഴ്സിനെ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ